ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 17.08.2024 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങൾ ഒരേ ശബ്ദത്തിൽ ഐക്യത്തോടെ പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   **Prime Minister Narendra Modi calls on Global South nations to work together with one voice. The Prime Minister addressed the third Voice of Global South Summit.**

2. വിവിധ മേഖലകളിലെ പരിഷ്കരണങ്ങളിലൂടെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയെന്ന നേട്ടം 2027 ഓടെ ഇന്ത്യ കൈവരിക്കുമെന്ന് ഐ എം എഫ്.

   **Through reforms in various sectors, India will achieve the achievement of becoming the third largest economic power by 2027.**

3. കൊൽക്കത്തയിൽ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ ഡോക്ടർമാരുടെ രാജ്യവ്യാപക പ്രതിഷേധ സമരം തുടരുന്നു.

   **Nationwide protests by doctors continue over the killing of a woman doctor in Kolkata.**

4. മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന ജമ്മുകശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രികാ സമർപ്പണം ചൊവ്വാഴ്ച ആരംഭിക്കും.

   **The submission of nomination papers for the three-phase Jammu and Kashmir assembly elections will begin on Tuesday.**

5. പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യയിൽ നിന്നുള്ള 84 കായിക താരങ്ങൾ പങ്കെടുക്കും.

**84 athletes from India will participate in the Paris Paralympics.**

&&&&&&&&&&&&&&&&

## VP - AP VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ആന്ധ്രാപ്രദേശിലെ നെല്ലൂരിൽ സന്ദർശനം നടത്തുന്നു. അക്ഷര വിദ്യാലയ ക്യാമ്പസും നൈപുണ്യ വികസന കേന്ദ്രവും അദ്ദേഹം സന്ദർശിക്കുന്നുണ്ട്. നെല്ലൂർ വെങ്കിടാചലത്തിൽ നടക്കുന്ന സ്വർണ ഭാരത് ട്രസ്റ്റിന്റെ 23-ാം വാർഷികാഘോഷത്തിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. ചടങ്ങിൽ മുൻ ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡുവും പങ്കെടുക്കും.

&&&&&&&&&&&&&&&&

## HEADLINE – 1
## PM-GLOBAL SOUTH - INTRO

ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങൾ ഒരേ ശബ്ദത്തിൽ ഐക്യത്തോടെ പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

**വിശദാംശങ്ങളിലേക്ക്...**
**(വോയ്സ്)**

*വ്യാപാരം, സമഗ്ര വികസനം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ, സ്ത്രീകൾ നയിക്കുന്ന വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രാജ്യത്തിൻറെ പ്രതിബദ്ധതയും പ്രധാനമന്ത്രി എടുത്തു പറഞ്ഞു.*

*ഗ്ലോബൽ സൗത്തിനായുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിലെ പുരോഗതി ത്വരിതപ്പെടുത്തുന്നതിന് ഇന്ത്യ ഒരു സോഷ്യൽ ഇംപാക്ട് ഫണ്ട് സ്ഥാപിച്ചിട്ടുണ്ടെന്നും അതിലേക്ക് ഇന്ത്യ 25 മില്യൺ ഡോളർ പ്രാരംഭ സംഭാവന നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യ ജി 20 ആതിഥേയത്വം വഹിച്ചപ്പോൾ ആരംഭിച്ച ഗ്ലോബൽ ഡിപിഐ ഡിപ്പോസിറ്ററി ഒരു സുപ്രധാന ചുവടുവയ്പ്പാണെന്നും ശ്രീ മോദി പറഞ്ഞു. ആഗോളതലത്തിൽ അനുഭവപ്പെടുന്ന അനിശ്ചിതത്വത്തിലും വെല്ലുവിളികളിലുമുള്ള ആശങ്കയും പ്രധാനമന്ത്രി പങ്കുവച്ചു. സംഘർഷങ്ങൾ, ഭക്ഷ്യ-ഊർജ്ജ സുരക്ഷാ പ്രതിസന്ധികൾ, കാലാവസ്ഥാ വ്യതിയാനം എന്നിങ്ങനെ ലോകത്തെ ബാധിക്കുന്ന സങ്കീർണ്ണമായ വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചകൾക്കായുള്ള ഒരു വേദിയായാണ് ഗ്ലോബൽ സൗത്ത് ഉച്ചകോടി പ്രവർത്തിക്കുക. സുസ്ഥിരമായ ഭാവിക്കായി ശാക്തീകരിക്കപ്പെട്ട ഗ്ലോബൽ സൗത്ത് എന്നതാണ് വെർച്വലായി സംഘടിപ്പിക്കുന്ന ഉച്ചകോടിയുടെ പ്രമേയം.*

*ന്യൂസ്ഡെസ്ക്, ആകാശവാണി......*

&&&&&&&&&&&&&&&&

## HEADLINE – 3
## IMA STRIKE

പശ്ചിമ ബംഗാൾ സർക്കാർ നിയന്ത്രണത്തിലുള്ള കൊൽക്കത്തയിലെ ആർ ജി കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വനിതാ റസിഡന്റ് ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിച്ച് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ നേതൃത്വത്തിൽ 24 മണിക്കൂർ രാജ്യവ്യാപക പണിമുടക്ക് പുരോഗമിക്കുന്നു. രാവിലെ 6 മണി മുതൽ അടിയന്തര

സേവനം ഒഴികെയുള്ളവ പിൻവലിക്കണമെന്ന് ഐഎംഎ ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലപ്പെട്ട ഡോക്ടർക്ക് നീതി ലഭിക്കണമെന്നും ആരോഗ്യ പ്രവർത്തകരെ സംരക്ഷിക്കാൻ കേന്ദ്ര നിയമം കൊണ്ടുവരണമെന്നും സംഘടന ആവശ്യപ്പെടുന്നു. സമര ആഹ്വാനത്തെത്തുടർന്ന്, പൊതു, സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നുള്ള കൂടുതൽ ഡോക്ടർമാർ പ്രതിഷേധത്തിൽ ചേർന്നു. അതേസമയം, ഡോക്ടർമാർക്കെതിരായ അതിക്രമങ്ങളിൽ പരമാവധി ആറ് മണിക്കൂറിനുള്ളിൽ പ്രാഥമിക അന്വേഷണം ഫയൽ ചെയ്യുന്നതിന് സ്ഥാപന മേധാവി ഉത്തരവാദിയായിരിക്കുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസസ് അതുൽ ഗോയൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ ആശുപത്രികളുടെയും മെഡിക്കൽ കോളജുകളുടെയും മേധാവികൾക്ക് കത്തയച്ചു.

&&&&&&&&&&&&&&&&

## IMA STRIKE - KERALA

ഐ.എം.എ യുടെ നേതൃത്വത്തിൽ കേരളത്തിലും ഡോക്ടർമാരുടെ സമരം തുടരുകയാണ്.ഡോക്ടർമാർ ഓ പി ഡ്യൂട്ടി ബഹിഷ്കരിച്ചാണ് സമരം ചെയ്യുന്നത്. എന്നാൽ അത്യാഹിത വിഭാഗങ്ങളിലെ സേവനം തുടരുന്നുണ്ട്. ഇന്ന് രാവിലെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഐ എം എ യുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ സമരം സംസ്ഥാന പ്രസിഡന്റ് ഡോക്ടർ ജോസഫ് ബെനവൻ ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&

## HEADLINE – 4
## J AND K ELECTION SCHEDULE

മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന ജമ്മുകശ്മീർ നിയമസഭാ

തിരഞ്ഞെടുപ്പിൻ്റെ നാമനിർദേശ പത്രികാ സമർപ്പണം ചൊവ്വാഴ്ച ആരംഭിക്കും. ഫല പ്രഖ്യാപനം ഒക്ടോബർ നാലിനാണ്. സെപ്റ്റംബർ 18ന് നടക്കുന്ന ആദ്യഘട്ടത്തിൽ 24 സീറ്റുകളിലേക്കും സെപ്റ്റംബർ 25 ന് നടക്കുന്ന രണ്ടാം ഘട്ടത്തിൽ 26 സീറ്റുകളിലേക്കും തിരഞ്ഞെടുപ്പ് നടക്കും. അവസാന ഘട്ടമായ ഒക്ടോബർ ഒന്നിന് 40 സീറ്റുകളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുക. 90 സീറ്റുകളിൽ 74 എണ്ണം ജനറൽ സീറ്റുകളും ഏഴ് എണ്ണം പട്ടിക ജാതി സംവരണ സീറ്റുകളും ഒൻപത് എണ്ണം പട്ടികവർഗ സംവരണ സീറ്റുകളുമാണ്. അന്തിമ വോട്ടർപട്ടികയും ചൊവ്വാഴ്ച പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&

## CABINET RAIL

രാജ്യത്ത് മൂന്ന് പുതിയ മെട്രോ റെയിൽ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. 15,611 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ബാംഗ്ലൂർ മെട്രോയുടെ മൂന്നാം ഘട്ടം, 12,200 കോടി രൂപ ചെലവിൽ താനെ ഇൻ്റഗ്രൽ റിംഗ് മെട്രോ റെയിൽ പദ്ധതി, പൂനെ മെട്രോ ഫേസ്-1 പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഏകദേശം മൂവായിരം കോടി രൂപയാണ് പദ്ധതികളുടെ ചെലവ്.

&&&&&&&&&&&&&&&&

## INDIA-JAPAN 2+2

ഇന്ത്യ-ജപ്പാൻ 2+2 വിദേശ-പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൻ്റെ മൂന്നാം ഘട്ട കൂടിക്കാഴ്ച, ചൊവ്വാഴ്ച ഡൽഹിയിൽ നടക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. രാജ്യരക്ഷാ

മന്ത്രി രാജ്നാഥ് സിംഗും വിദേശകാര്യ മന്ത്രി എസ് ജയശങ്കറും ഇന്ത്യയെ പ്രതിനിധീകരിക്കും.

&&&&&&&&&&&&&&&&&

## KARNATAKA - MUDA SCAM

മൈസൂരു അർബൻ ഡെവലപ്മെന്റ് അതോറിറ്റിക്ക് സ്ഥലം അനുവദിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് കർണാടക മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ സിദ്ധരാമയ്യയെ അഴിമതി നിരോധന നിയമപ്രകാരം വിചാരണ ചെയ്യാൻ അനുമതി നൽകി ഗവർണർ തവർചന്ദ് ഗെഹ്ലോട്ട്. ടി ജെ എബ്രഹാം, പ്രദീപ്, സ്നേഹമയി കൃഷ്ണ എന്നിവർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി. ജൂലൈ 26ന് വിഷയത്തിൽ ഗവർണർ മുഖ്യമന്ത്രി സിദ്ധരാമയ്യക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ഏഴ് ദിവസത്തിനുള്ളിൽ മറുപടി നൽകണമെന്നായിരുന്നു നോട്ടീസിൽ അറിയിച്ചിരുന്നത്.

&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 113 ആം പതിപ്പാണിത്. പരിപാടിയിലേക്കുള്ള പൊതുജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നമോ ആപ്പിലൂടെയോ MyGov ഓപ്പൺ ഫോറം വഴിയോ ഈ മാസം 23 വരെ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&

## HEADLINE – 2

## IMF- ECONOMIC GROWTH - INTRO

വിവിധ മേഖലകളിലെ പരിഷ്കരണങ്ങളിലൂടെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറികൊണ്ടിരിക്കുന്നതായി അന്താരാഷ്ട്ര നാണ്യ നിധി ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ഗീതാ ഗോപിനാഥ്. 2027 ഓടെ ഇന്ത്യ ഈ നേട്ടം കൈവരിക്കുമെന്നും അവർ പറഞ്ഞു.

**വിശദാംശങ്ങളിലേക്ക്......**

(വോയ്സ്)

*കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യ പ്രതീക്ഷിച്ചതിനേക്കാളേറെ വേഗത്തിൽ വളർച്ച നേടിയതായും ഗ്രാമീണ മേഖലകളിലെ വികസനം ഇതിന് ആക്കം കൂട്ടിയതായും അന്താരാഷ്ട്ര നാണ്യനിധി ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ഗീതാ ഗോപിനാഥ് അഭിപ്രായപ്പെട്ടു. അടുത്ത അഞ്ച്-ആറ് വർഷത്തിൽ രാജ്യത്ത് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ടെന്നും അവർ പറഞ്ഞു. ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെ എല്ലാ വസ്തുക്കളുടെയുടെ ഉപഭോഗം വർധിച്ചതായും ശ്രീമതി ഗോപിനാഥ് പറഞ്ഞു. സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചറേഴ്സിൻറെ കണക്കനുസരിച്ച് യാത്രാ വാഹനങ്ങൾ, മുചക്ര- ഇരു ചക്ര വാഹനങ്ങൾ, ക്വാഡ്രി സൈക്കിൾ എന്നിവയുടെ ഉത്പാദനം കഴിഞ്ഞ മാസം 24 ലക്ഷത്തി 37,000 യൂണിറ്റായതായും പറഞ്ഞു. ഇരു ചക്ര വാഹനങ്ങളുടെ ഉത്പാദനം 12.5 ശതമാനമായതായും അവർ പറഞ്ഞു.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

&&&&&&&&&&&&&&&&&

**HEADLINE – 5**

**PARIS-PARALYMPICS**

പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യയിൽ നിന്നുള്ള 84 കായിക താരങ്ങൾ പങ്കെടുക്കും. ആദ്യമായി ഗെയിംസിൽ പങ്കെടുക്കുന്ന 47 കായിക താരങ്ങളും സംഘത്തിലുണ്ട്. ഇന്ത്യൻ സംഘത്തിൻ്റെ യാത്രയയപ്പ് ചടങ്ങിനെ കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ അഭിസംബോധന ചെയ്തു. ടോക്കിയോ പാരാലിമ്പിക്സിലെ സ്വർണമെഡൽ ജേതാവ് സുമിത് ആൻറിലും ഷോട്ട്പുട്ട് താരം ഭാഗ്യശ്രീ ജാദവും പാരീസ് പാരാലിമ്പിക്സിൻറെ ഉദ്ഘാടന ചടങ്ങിൽ ഇന്ത്യൻ പതാകയേന്തും. ഈ മാസം 28 മുതൽ സെപ്റ്റംബർ 8 വരെയാണ് പാരാലിമ്പിക്സ് നടക്കുന്നത്.

&&&&&&&&&&&&&&&&

**VINESH-ARRIVAL**

ഇന്ത്യൻ ഗുസ്തി താരം വിനേഷ് ഫോഗട്ട് ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തി. ഡൽഹിയിലെത്തിയ വിനേഷിന് ആരാധകർ ഊഷ്മള വരവേൽപ്പ് നൽകി. വിനേഷിൻറെ കുടുംബാംഗങ്ങളും ബന്ധുക്കളും വിമാനത്താവളത്തിൽ എത്തിയിരുന്നു. പാരിസ് ഒളിമ്പിക്സിൽ 50 കിലോവിഭാഗത്തിൽ അയോഗ്യയാക്കപ്പെട്ട വിനേഷ് കായിക തർക്ക പരിഹാര കോടതി അപ്പീൽ വിധിക്കായി പാരിസിൽ തുടരുകയായിരുന്നു.

&&&&&&&&&&&&&&&&

**ARJUN RAM MEGHWAL**

അതിവേഗവും കാര്യക്ഷമമവുമായ നീതിന്യായ സംവിധാനം അത്യന്താപേക്ഷിതമാണെന്ന് കേന്ദ്ര

സഹമന്ത്രി അർജുൻ റാം മേഘ്വാൾ. കേരള ഹൈക്കോടതിയിൽ കേന്ദ്ര സർക്കാർ കൗൺസിലർമാരുടെ സംസ്ഥാന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അതിവേഗ നീതി ഉറപ്പാക്കുക എന്നത് ഓരോ പൗരൻറെയും

മൗലികാവകാശമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കേരള ഹൈക്കോടതിയിലെ പുതിയ ആർബിട്രേഷൻ സെൻറർ ശ്രീ മേഘ് വാൾ ഇന്ന് വൈകിട്ട് ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&

## UP-TRAIN DERAILMENT

ഉത്തർപ്രദേശിലെ കാൻപൂരിൽ സബർമതി എക്സ്പ്രസിൻറെ 20 കോച്ചുകൾ പാളം തെറ്റി. ജീവഹാനി ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. വാരാണസിയിൽ നിന്നും അഹമദാബാദിലേക്കുള്ള യാത്രാമധ്യേ പുലർച്ചേ 2.35 ഓടെയായിരുന്നു സംഭവം. എൻജിൻ മൂർച്ചയുള്ള വസ്തുവിൽ ഇടിച്ചാണ് അപകടം ഉണ്ടായതെന്ന വിവരത്തെ തുടർന്ന് ഐബിയും റെയിൽവേ ഉദ്യോഗസ്ഥരും അന്വേഷണം ആരംഭിച്ചു. യാത്രയ്ക്ക് തടസം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചു.

&&&&&&&&&&&&&&&&&

## CHANDIPURA VIRUS

രാജസ്ഥാനിൽ ചന്ദിപൂര വയറസ് റിപ്പോർട്ട് ചെയ്തവരുടെ എണ്ണം നാലായി. ഒൻപതു വയസുള്ള ആൺകുട്ടിക്കാണ് വെള്ളിയാഴ്ച പുതുതായി രോഗബാധ ഉണ്ടായത്. 70 പേരുടെ സാമ്പിളുകൾ ശേഖരിച്ചതായും 32 പേരുടെ ഫലം പുറത്തുവരാനുണ്ടെന്നും അധികൃതർ അറിയിച്ചു.

മൃഗങ്ങളിലും രോഗബാധയുണ്ടാകാൻ സാധ്യതയുള്ളതിനാൽ 91 മൃഗങ്ങളുടെ സാമ്പിളുകളും പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഈ മാസം ഒൻപതിന് രണ്ടു വയസുള്ള ഒരു കുട്ടിക്ക് രോഗം മൂലം ജീവൻ നഷ്ടമായിരുന്നു.

&&&&&&&&&&&&&&&&

## CHINGAM

ഇന്ന് ചിങ്ങം ഒന്ന്. കൊല്ലവർഷം 1,200 ന് കൂടിയാണ് ഇന്ന് തുടക്കമാകുന്നത്. മലയാളികൾക്ക് ഈ ദിവസം പുതുവർഷാരംഭം കൂടിയാണ്. അതോടൊപ്പം കർഷക ദിനമായും ചിങ്ങം ഒന്ന് ആഘോഷിക്കുന്നു. ലോകമെങ്ങുമുള്ള കേരളീയർക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷ നേതാവ് വി ഡി സതീശനും കർഷക ദിനാശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&